പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4281

16.12.2014 ൽ മറുപടിയ്ക്ക്

**യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ പരിശീലനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ പരിശീലനത്തിനും ബോധവൽക്കരണ ക്യാമ്പയിനുകൾക്കും രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) കേരളത്തിലെ യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുക, അവരെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ ;<br>(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ? | (സി) & (ഡി) സ്വയംതൊഴിൽ പരിശീലനം സംഘടിപ്പിക്കുവാൻ താല്പര്യമുള്ള യുവജന ക്ലബ്ബുകൾ / സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് അവർ നൽകുന്ന പ്രോജക്ട് പരിശോധിച്ച് ഉചിതമായ ധനസഹായം നൽകി വരുന്നു. കാർഷിക സാക്ഷരത, ജൈവകൃഷി പ്രോത്സാഹനം, പനയോല, തഴയോല മുതലായവ ഉപയോഗിച്ചുള്ള ഉത്പന്നങ്ങളുടെ നിർമ്മാണത്തിന് പരിശീലനം, ഫാഷൻ ഡിസൈനിങ്ങ്, പേപ്പർ ബാഗ്, മെഴുകുതിരി, സോപ്പ് എന്നിവയുടെ നിർമ്മാണം, തെങ്ങു കയറ്റം, നെൽകൃഷി എന്നിവയ്ക്ക് പരിശീലനം വഴിയും സ്വയം തൊഴിൽ കണ്ടെത്താൻ യുവജനങ്ങൾക്ക് പ്രചോദനമാകുക എന്ന ലക്ഷ്യമാണ് സാക്ഷാത്കരിക്കപ്പെടുന്നത്. |

അഹമ്മദാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുടെ സഹകരണത്തോടുകൂടി തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, എന്നീ ജില്ലകളിലെ 498 യുവജനങ്ങൾക്ക് പരിശീലനം നൽകുകയും ഇതിൽ 200 ഓളം പേർ സ്വയം സംരംഭകരാകുകയും ചെയ്തു.

ഈ സാമ്പത്തിക വർഷം 9 ജില്ലകളിൽ കൂടി പരിശീലനം വ്യാപിപ്പിക്കുന്നതാണ്. തുടർന്ന് 2015-16 സാമ്പത്തിക വർഷം ബാക്കി ജില്ലകളിലും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ